കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിയമനം നടത്തുന്നതിന് നടപടി

31 (4834) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

താലൂക്ക് ആശുപത്രിയായി ഉയർത്തിയ കട്ടപ്പന പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

ഉത്തരം

6-11-2008-ലെ സ.ഉ. (എംഎസ്.) നമ്പർ.568/2008/ആ.കു.വ ഗവൺമെന്റ് ഉത്തരവ് പ്രകാരം കട്ടപ്പന പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്. ടി ആശുപത്രിയെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും അവശ്യംവേണ്ട തസ്തികകൾമാത്രം ഉൾക്കൊള്ളിച്ച് പുതുക്കിയ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മലപ്പുറം കാൻസർ സെന്ററിന്റെ പ്രവർത്തനം

32 (4835) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ഇൻകെൽ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാൻസർ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം പ്രസ്തുതകേന്ദ്രം ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കാൻസർ സെന്ററിനുവേണ്ടി "മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly